# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.441

## 29-05-2019 ൽ മറുപടിക്ക്

## മസാല ബോണ്ടുകൾ വാങ്ങിയ കമ്പനികൾ

| ചോദ്യം<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. വി.എസ്.ശിവകുമാർ<br>ശ്രീ. ഹൈബി ഈഡൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ മസാല ബോണ്ടുകൾ വാങ്ങുന്നതിന് ഏതൊക്കെ കമ്പനികളാണ് താൽപര്യം പ്രകടിപ്പിച്ചത്; അവയുടെ വിശദാംശം നൽകുമോ; | അസറ്റ് മാനേജർസ്, ഇൻഷുറൻസ്, പെൻഷൻ ഫണ്ട്, ബാങ്കിങ് , പ്രൈവറ്റ് വെൽത് മാനേജർസ് എന്നീ വിവിധ ശ്രേണികളിൽ നിന്നായി 16 സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ നിലവിൽ നിക്ഷേപം നടത്തിയിരിക്കുന്നത്. |
| (ബി) പ്രസ്തുത കമ്പനികൾ ഒരോന്നും ആവശ്യപ്പെട്ട പലിശനിരക്ക് എത്രയായിരുന്നു; | മസാല ബോണ്ടുകളിൽ റിസർവ് ബാങ്ക് നിയമപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് ( FATF ) അംഗീകരിച്ച നിക്ഷേപകർക്ക് മാത്രമേ പങ്കെടുക്കുവാൻ സാധിക്കു. കിഫ്ബിയുടെ മസാല ബോണ്ടിൽ പങ്കെടുത്ത എല്ലാ നിക്ഷേപകരും RBI നിഷ്കർഷിക്കുന്ന KYC മാനദണ്ഡം പാലിച്ചുവന്നവരാണ്. ഈ നിക്ഷേപകരെ സംബന്ധിച്ച് കിഫ്ബിയിൽ ലഭ്യമായിട്ടുള്ള വിശദാംശങ്ങൾ ഇടപാട് നടന്ന ദിവസത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ഇതിനു ശേഷം സെക്കന്ററി വിപണിയിൽ കച്ചവടം നടക്കാനുള്ള സാധ്യത കണക്കിലെടുത്താൽ, നിലവിൽ ഈ ബോണ്ടുകളുടെ ഉടമസ്ഥത ഇതേ നിക്ഷേപകർക്ക് തന്നെ ആകണമെന്നില്ല. നിലവിലുള്ള 16 നിക്ഷേപകർക്കും 9.723% നിരക്കിലാണ് ബോണ്ട് വിപണനം ചെയ്തത്. |
| (സി) ചർച്ചകൾക്ക് ശേഷമാണോ സി.ഡി.പി.ക്യൂ എന്ന കമ്പനി മസാല ബോണ്ട് വാങ്ങിയത് എന്ന് അറിയിക്കുമോ; | മറ്റ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിങ് സ്ഥാപങ്ങളിൽ നിന്നും വളരെ വ്യത്യസ്തമായ കിഫ്ബിയുടെ ഘടനയും പ്രവർത്തന രീതികളും ഒരു നിക്ഷേപകൻ എന്നുള്ള രീതിയിൽ വിലയിരുത്തുന്നതിനായി |

| | |
|---|---|
| | സി.ഡി.പി.ക്യൂ എന്ന കമ്പനിയുടെ പ്രതിനിധികൾ കിഫ്ബിയുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇതുവരെ ഇന്ത്യൻ കമ്പനികൾ ഇഷ്യൂ ചെയ്ത മസാല ബോണ്ടിൽ നിക്ഷേപം നടത്തിയിട്ടുള്ള എല്ലാ നിക്ഷേപകരുമായും കിഫ്ബി ചർച്ച നടത്തിയിരുന്നു. ലണ്ടൻ, സിംഗപ്പൂർ, ഹോങ് കോങ്ങ്, യു എ ഇ എന്നീ രാജ്യങ്ങളിൽ നടന്ന റോഡ്ഷോകളിൽ നിക്ഷേപകരുടെ അഭിപ്രായങ്ങളും, ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിയമ വ്യവസ്ഥകളും വിലയിരുത്തിയ ശേഷമാണ് ഓഫറിങ് സർക്കുലർ പ്രസിദ്ധീകരിച്ചത്. |
| (ഡി) എങ്കിൽ പ്രസ്തുത കമ്പനിയുടെ ഏതൊക്കെ പ്രതിനിധികളാണ് സംസ്ഥാന സർക്കാർ/കിഫ്ബി പ്രതിനിധികളുമായി ചർച്ച നടത്തിയതെന്നും എന്നാണ് ചർച്ച നടത്തിയതെന്നും വെളിപ്പെടുത്താമോ; | താഴെ പറയുന്ന തീയതികളിൽ സി.ഡി.പി.ക്യൂ പ്രതിനിധികൾ ചർച്ചക്കായി കേരളത്തിൽ വന്നിരുന്നു.<br>**<u>നവംബർ 16, 2018</u>**<br>ശ്രീമതി. അനിത മരങ്കൊലി ജോർജ് , സീനിയർ വൈസ് പ്രസിഡന്റ്, ഗ്രോത്ത് മാർക്കറ്റ്സ്<br>ശ്രീ.വീറ്റോ ടെലർബാ - ഡയറക്ടർ , ഇൻവെസ്റ്റ്മെന്റ്സ്, സോവറിൻ ഡെബ്റ്റ്<br>ശ്രീ. ഹർഷ് സിംഗാൾ - സീനിയർ ഡയറക്ടർ & ഹെഡ് - ഇന്ത്യ<br>**<u>ഫെബ്രുവരി 25-28, 2019</u>**<br>ശ്രീ.എറിക് ലെമിയക്സ് - ഡയറക്ടർ , ഇൻവെസ്റ്റ്മെൻറ്സ്- എക്സ്റ്റേർണൽ പോർട്ട്ഫോളിയോ മാനേജ്മെന്റ്- പബ്ലിക് മാർക്കറ്റ്സ്<br>ശ്രീ.ഹർഷ് സിംഗാൾ - സീനിയർ ഡയറക്ടർ & ഹെഡ്, ഇന്ത്യ<br>ശ്രീമതി.സോഫി കോസിനെ - വൈസ് പ്രസിഡന്റ്, എമേർജിങ് മാർക്കറ്റ് & ഇ.എസ്.ജി<br>ശ്രീമതി.വർഷ പോഡാർ - അസ്സോസിയേറ്റ്, ഗ്രോത് മാർക്കറ്റ് |
| (ഇ) മസാല ബോണ്ടിന് സംസ്ഥാന സർക്കാർ നൽകേണ്ട പലിശ 9.723 ശതമാനം എന്ന് നിശ്ചയിച്ചത് ആരാണ്; അങ്ങനെ നിശ്ചയിക്കുന്നതിന് കിഫ്ബി സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ടോ;വെളിപ്പെടുത്താമോ? | കിഫ്ബി പുറപ്പെടുവിച്ചിരിക്കുന്ന മസാല ബോണ്ടിന്റെ കൂപ്പൺ റേറ്റ് ആയ 9.723 % നിരക്കിൽ തിരിച്ചടവ് നടത്തേണ്ടത് കിഫ്ബിയാണ്. ഇതിന്റെ തിരിച്ചടവിനു ഉള്ള ഗ്യാരണ്ടി മാത്രമാണ് സംസ്ഥാന സർക്കാർ നൽകുന്നത്. കേരള നിയമസഭാ ഐകകണ്ഠേന അംഗീകരിച്ച കിഫ് ആക്ട് 2016 ലെ വകുപ്പുകൾ പ്രകാരം കിഫ് ബോർഡിന് സർക്കാരിന്റെ മുൻ കൂർ അംഗീകാരത്തോടെ സെബി, ആർ.ബി.ഐ എന്നീ ഏജൻസികൾ അംഗീകരിച്ച ഏതൊരു ധനസമാഹരണ |

| | |
|---|---|
| | ഉപാധിയിലൂടെയും നിക്ഷേപങ്ങൾ സ്വീകരിക്കാം. ഇപ്രകാരം സർക്കാരിന്റെയും കിഫ്ബ് ബോർഡിന്റെയും റിസർവ്വ് ബാങ്കിന്റെയും മുൻകൂർ അംഗീകാരത്തോടെ തന്നെയാണ് കിഫ്ബി മസാല ബോണ്ട് വഴിയുള്ള ധനസമാഹരണം നടത്തിയത്. ഗ്യാരന്റി സംബന്ധിച്ച നിയമോപദേശം നിയമ വകുപ്പിൽ നിന്നും ലഭിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ